## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം.6427** **08/11/16-ൽ മറുപടിക്ക്**

### ഉടുമ്പൻചോല, നെടുംകണ്ടം ഫയർ & റസ്ക്യൂ സ്റ്റേഷനുകൾ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.എം.എം. മണി | **ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)** |

എ) ഉടുമ്പൻചോല താലൂക്കിലെ ഏക ഫയർ & റസ്ക്യൂ സ്റ്റേഷനിൽ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്; എത്ര തസ്തികകൾ നിലവിൽ ഒഴിഞ്ഞ് കിടക്കുന്നുണ്ട്; വിശദാംശം നൽകാമോ;

എ) ഉടുമ്പൻചോല താലൂക്കിലെ ഏക ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനായ നെടുങ്കണ്ടം. ഫയർ സ്റ്റേഷനിലുള്ള തസ്തികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **അനുവദിച്ചിട്ടുള്ള തസ്തികകൾ** | **ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ** |
|---|---|
| അസിസ്റ്റന്റ് സ്റ്റേഷൻ ആഫീസർ - 1 | അസിസ്റ്റന്റ് സ്റ്റേഷൻ ആഫീസർ - 1 |
| ലീഡിംഗ് ഫയർമാൻ -2 | ലീഡിംഗ് ഫയർമാൻ -1 |
| ഡ്രൈവർ മെക്കാനിക്ക് - 1, | ഇല്ല. |
| ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ - 4 | ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ-2 |
| ഫയർമാൻ -8 | ഫയർമാൻ -2, |
| പാർട്ട് ടൈം സ്വീപ്പർ - 1 | പാർട്ട് ടൈം സ്വീപ്പർ - 1 |

**ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.**

ബി) സംസ്ഥാനത്തെ ഏറ്റവും വലിയ താലൂക്കുകളിൽപ്പെടുന്നതും ഗതാഗത സൗകര്യങ്ങൾ കുറവുള്ളതുമായ ഇവിടെ അനുവദിച്ചിട്ടുള്ള പ്രസ്തുത സ്റ്റേഷൻ ഫുൾ സ്ട്രെങ്ത് ഫയർ സ്റ്റേഷൻ ആയി ഉയർത്തുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; ഫയർ & റസ്ക്യൂ സ്റ്റേഷന് അനുവദിച്ചിട്ടുള്ള ഉപകരണങ്ങൾ എന്തൊക്കെയാണ്;

ബി) ഇപ്പോൾ പരിഗണനയിലില്ല.

നെടുംകണ്ടം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് അനുവദിച്ചിട്ടുള്ള ഉപകരണങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ബി.എ. സെറ്റ് - 1
ചെയിൻ സാ - 3
പോർട്ടബിൾ പമ്പ് - 1
ബുള്ളറ്റ് വിത്ത് വാട്ടർ മിസ്റ്റ് -1
എം.റ്റി.യും അനുബന്ധ ഉപകരണങ്ങളും - 1
ഫ്ളോട്ട് പമ്പ് - 1
ലൈഫ് ജാക്കറ്റ് - 2

ലൈഫ് ബോയ് - 2
അലുമിനിയം എക്സ്റ്റൻഷൻ ലാഡർ - 1

സി) ക്വിക്ക് റെസ്പോൺസ് വെഹിക്കിൾ, അപകട സ്ഥലങ്ങളിൽ ഉപയോഗിക്കുന്നതിനായുള്ള അസ്ക ലൈറ്റ്, ജനറേറ്റർ, റബർ ഡിങ്കി, സ്കൂബ സെറ്റ് തുടങ്ങിയ ഉപകരണങ്ങൾ ഇവിടെ അനുവദിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവ അടിയന്തിരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

ഡി) ഇവിടെ അനുവദിച്ച കാലപ്പഴക്കം ചെന്ന വാഹനം ഹൈറേഞ്ച് മേഖലയിൽ അനുയോജ്യമല്ലാത്തതിനാൽ അടിയന്തരമായി പുതിയ വാഹനം അനുവദിക്കുമോ;

<u>(സി) & (ഡി)</u>

ഇല്ല. 2016-17-ലെ വാർഷിക പദ്ധതി വിഹിതമുപയോഗിച്ച് വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ആയവ ലഭ്യമാകുന്ന മുറയ്ക്ക് നെടുംകണ്ടം നിലയത്തിന്റെ കാര്യവും പരിഗണിക്കുന്നതാണ്.

ഇ) നെടുംകണ്ടം ഫയർ & റസ്ക്യൂ സ്റ്റേഷൻ കെട്ടിടം പണിയുന്നതിനായി കണ്ടെത്തി നൽകിയിട്ടുള്ളതും കൽകുന്തൽ വില്ലേജിൽപ്പെടുന്നതുമായ സ്ഥലം വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

എഫ്) നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത ഫയർ സ്റ്റേഷന് പുതിയ കെട്ടിടം പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>(ഇ)& (എഫ്)</u>

ഇല്ല. പ്രസ്തുത സ്ഥലം വകുപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയും ധനാനുമതിയും നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ